പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. **736.**

13/06/2012 – ൽ മറുപടിയ്ക്ക്

## കാസർഗോഡ് ആയുർവ്വേദ ആശുപത്രിയെ അപ്ഗ്രേഡ് ചെയ്യാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എൻഡോ സൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി കാസർഗോഡ് ആയുർവ്വേദ ആശുപത്രിയെ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (എ) ഇക്കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. |
| (ബി) ജില്ലയിലെ വിവിധ ആയുർവ്വേദ ആശുപത്രികളിൽ ദുരിത ബാധിതർക്ക് ഫലവത്തായ ചികിത്സ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഭാരതീയ ചികിത്സാ വകുപ്പിന് 3 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക ഔഷധങ്ങൾ വാങ്ങുന്നതിനും ചികിത്സയ്ക്കുമായി ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ ടി വകുപ്പിൽ നിന്നും നോൺ പ്ലാൻ ഹെഡിൽ നിന്നും 1 ലക്ഷം രൂപ ഔഷധങ്ങൾ വാങ്ങുന്നതിനായി കാസർഗോഡ് ജില്ലയ്ക്ക് അനുവദിക്കുകയുണ്ടായി.<br><br>എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ രോഗികൾക്ക് ചികിത്സയ്ക്കു വേണ്ടി ആയുർവേദ |

സ്ഥാപനങ്ങളിൽ സ്പെഷ്യൽ ക്ലിനിക്കുകൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള രോഗബാധിതരായ കുട്ടികൾക്കായി ഓരോ മാസവും സ്കൂളുകൾ സന്ദർശിച്ച് ചികിത്സ നടത്തുന്നതിനും രോഗം ബാധിച്ച് കിടപ്പിലായവരേയും യാത്ര ചെയ്യുവാൻ കഴിയാത്തവരുമായ രോഗികളെ അവരുടെ വീടുകൾ സന്ദർശിച്ച് വൈദ്യസഹായം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ